**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 524** **05-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. ലാപ്ടോപ് ചിട്ടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഓൺലൈൻ പഠനത്തിന് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകാൻ കെ.എസ്.എഫ്.ഇ. തുടങ്ങിയ ചിട്ടിയുടെ ഗുണം ഈ ചിട്ടിയിൽ ചേർന്ന ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഓൺലൈൻ പഠനത്തിനു കുടുംബശ്രീ അംഗങ്ങളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ് ടോപ്പ് നൽകാൻ കെ.എസ്.എഫ്.ഇ നടപ്പിലാക്കുന്ന പദ്ധതിയാണ് "കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതി". ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് ലാപ് ടോപ്പ് തെരഞ്ഞെടുത്തിട്ടുള്ളതും പർച്ചേയ്സ് ഓർഡർ നല്കിയിട്ടുള്ളതുമായ 61981 എണ്ണത്തിൽ ഇതുവരെ 9810 ലാപ്ടോപ്പുകൾ COCONICS, ACER, HP, LENOVO എന്നീ നാല് കമ്പനികൾ സപ്ലൈ ചെയ്യുകയും ഭൂരിഭാഗം ലാപ് ടോപ്പുകളും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുമുണ്ട്. എന്നാൽ ലാപ് ടോപ്പുകൾ സപ്ലൈ ചെയ്യുന്നതിൽ കമ്പനികൾ കാലതാമസം വരുത്തിയ സാഹചര്യത്തിൽ പദ്ധതിയിൽ ഒരു പുനഃക്രമീകരണം നടപ്പിലാക്കിയിട്ടുണ്ട്. അതുപ്രകാരം ഗുണഭോക്താക്കൾക്ക് അവർക്കിഷ്ടമുള്ള ലാപ് ടോപ്പ്/ ടാബ് ലറ്റ് പൊതുവിപണിയിൽ നിന്നും വാങ്ങുന്നതിനുള്ള പ്രൊഫോർമ/ ഇൻവോയ്സ് അല്ലെങ്കിൽ വാങ്ങിയതിന്റെ ബില്ല് ബന്ധപ്പെട്ട ശാഖയിൽ ഹാജരാക്കിയാൽ 20,000/- രൂപ വരെയുള്ള തുക വായ്പയായി നൽകുന്നതാണ്. മാത്രമല്ല ലാപ് ടോപ്പ് ലഭിക്കുന്നത് വരെ കാത്തിരിക്കുവാൻ തയ്യാറുള്ള ഗുണഭോക്താക്കൾക്ക് ആയതു സപ്ലൈ ചെയ്യുന്ന മുറയ്ക്ക് വാങ്ങാവുന്നതുമാണ്. കൂടാതെ ലാപ് ടോപ്പ് ആവശ്യമില്ലാതെ അടച്ച സംഖ്യ തിരികെ ആവശ്യപ്പെടുന്ന ഗുണഭോക്താക്കൾക്ക് ആയത് തിരിച്ചു നൽകുന്നതുമാണ്. |
| (ബി) | ഈ ചിട്ടി ഇപ്പോഴും നടക്കുന്നുണ്ടോ; ഇല്ലായെങ്കിൽ നിർത്തുവാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ പദ്ധതി ഇപ്പോഴും നടക്കുന്നുണ്ട്. |
| (സി) | ഈ ചിട്ടിക്ക് പകരം സംവിധാനം സംസ്ഥാനത്ത് | (സി) | ഈ ചിട്ടിക്ക് പകരം സംവിധാനം സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | | നടപ്പാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ